**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1423** **11.08.2017 ൽ മറുപടിയ്ക്ക്**

**"പച്ചക്കറികളുടെ വില വർദ്ധനവ്"**

**ചോദ്യം**

ശ്രീ. എ. എൻ. ഷംസീർ

**ഉത്തരം**

ശ്രീ. വി.എസ് സുനിൽകുമാർ

(ബഹു. കൃഷി വകുപ്പ് മന്ത്രി)

(എ) പച്ചക്കറികളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(എ) പച്ചക്കറികളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി ഈ ഓണക്കാലത്ത് നടപ്പാക്കുന്നുണ്ട്.

ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയ്ക്ക് വിപണി വിലയേക്കാൾ 10% അധികം വില കർഷകർക്ക് നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയേക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്ന 1500 ഓളം സ്റ്റാളുകൾ 2017 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 3 വരെ സംസ്ഥാനത്തുടനീളം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം സഹകരണ സംഘങ്ങൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, കുടുംബശ്രീ എന്നിവയുടെ ഓണമാർക്കറ്റുകൾ വഴിയും കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള പച്ചക്കറികൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഓണത്തിന് എല്ലാ വീട്ടുകളിലും ഒരു പച്ചക്കറിത്തോട്ടം എന്ന ലക്ഷ്യത്തോടെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കാവശ്യമായ വിത്ത്, ഗ്രോബാഗ്, വളം തുടങ്ങിയവ വിതരണം ചെയ്ത് 63 ലക്ഷം കുടുംബങ്ങളിലൂടെ 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന വിപുലമായ ഒരു പദ്ധതിയും ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

Deepthi

**സെക്ഷൻ ഓഫീസർ**